7
ശനി
2018 ഏപ്രിൽ
1193 മീനം 24

# മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013



## സൽമാൻഖാന് ശിക്ഷ വിധിച്ച ജഡ്ജിക്ക് സ്ഥാനചലനം

ഡൽഹി: കൃഷ്ണമൃഗത്തെ വേട്ടയാടിയ കേസിൽ സൽമാൻഖാന് തടവ് ശിക്ഷ വിധിച്ച ജഡ്ജി ദേവ്കുമാർ ഖാത്രിക്ക് സ്ഥാനചലനം. ഒപ്പം ഇന്ന് ജാമ്യാപേക്ഷയിൽ വാദം കേൾക്കാനിരുന്ന ജോധ്പൂർ സെഷൻസ് കോടതി ജഡ്ജി രവീന്ദ്രകുമാർ ജോഷിയെയും സ്ഥലമാറ്റിയിട്ടുണ്ട്. ഇരുവരും അടക്കം 87 ജഡ്ജിമാരുടെ സ്ഥലംമാറ്റ പട്ടിക രാജസ്ഥാൻ ഹൈക്കോടതി പുറത്തുവിട്ടു. സാധാരണ ഏപ്രിൽ 15ന് ശേഷമാണ് രാജസ്ഥാനിൽ ജഡ്ജിമാരെ സ്ഥലംമാറ്റാറുള്ളത്. എന്നാൽ ഇത്തവണ നേരത്തെയാണ് സ്ഥലംമാറ്റം നടന്നത്.

മിനിഞ്ഞാന്നാണ് സൽമാൻഖാനെ അഞ്ച് വർഷം തടവിന് ശിക്ഷിച്ചത്. 1998ൽ കൃഷ്ണമൃഗത്തെ വേട്ടയാടിയ കേസിലായിരുന്നു ശിക്ഷ. ജോധ്പൂർ സെൻട്രൽ ജയിലിൽ 106-ാം നമ്പർ തടവുകാരനാണ് സൽമാൻഖാൻ. അദേഹത്തിന് ശിക്ഷ വിധിച്ച ജഡ്ജി ഖാത്രിക്ക് പകരം ഉദയപൂർ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് സമരേന്ദ്രസിങ്ങിനെയാണ് നിയമിച്ചിട്ടുള്ളത്. ഇന്നലെ ജാമ്യാപേക്ഷ പരിഗണിച്ച ജഡ്ജ് രവീന്ദ്രകുമാർ ജോഷി കേസ് പഠിക്കണമെന്ന് കാണിച്ച് ഇന്നത്തേക്ക് മാറ്റിയിരുന്നു. അദേഹത്തെ ജോധ്പൂരിൽ നിന്ന് സിരോഹിലേക്കാണ് സ്ഥലംമാറ്റിയിട്ടുള്ളത്.

## ഉത്സവപ്പറമ്പിൽ സി.പി.എമ്മുകാരന് മർദനമേറ്റു

പാനൂർ: ഉത്സവപ്പറമ്പിൽ സി.പി.എം പ്രവർത്തകന് മർദനമേറ്റു. പുല്ലൂക്കരയിലെ തൈയുള്ള പറമ്പത്ത് പ്രകാശൻ (44)നെ പരിക്കുകളോടെ ചൊക്ലി മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. പുല്ലൂക്കര മണികണ്ഠൻകാവ് ഉത്സവത്തിനിടയിൽ ഇന്നലെ രാത്രി 11 മണിയോടെയായിരുന്നു മർദനം. ബി.ജെ.പി പ്രവർത്തകർ മർദിച്ചുവെന്നാണ് പരാതി.

# സ്വാശ്രയഫീസ് ഇരട്ടിയാക്കണമെന്ന് മെഡിക്കൽ മാനേജ്മെന്റുകൾ

### ഹൈക്കോടതിയിലെ ഹരജിയിൽ സർക്കാർ ഇതുവരെ കക്ഷിചേർന്നില്ല

എറണാകുളം: ഫീസ് ഇരട്ടിയാക്കണമെന്ന ആവശ്യവുമായി സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ ഹൈക്കോടതിയിലേക്ക്. വിവാദമായ കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 20ഓളം കോളേജുകളാണ് ഹർജി സമർപ്പിച്ചത്.

നിലവിൽ 5.6 ലക്ഷം രൂപയാണ് ഫീസ്. ഇത് 11 ലക്ഷം ആക്കണമെന്നാണ് മാനേജ്മെന്റുകളുടെ ആവശ്യം. വർദ്ധന നിലവിൽ വന്നാൽ 4000 വിദ്യാർത്ഥികളെ അത് ബാധിക്കും. തിങ്കളാഴ്ച ഹർജി ഹൈക്കോടതി പരിഗണിക്കും. ഹർജിയിൽ കക്ഷിചേരാൻ സംസ്ഥാന സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. ചില കുട്ടികളുടെ രക്ഷിതാക്കളിൽ ചിലർ കക്ഷി ചേരാൻ ഒരുങ്ങുന്നുണ്ടെന്നാണ് സൂചന.

പ്രവേശന മേൽനോട്ട സമിതിയുടെ നിർദേശപ്രകാരമാണ് പ്രതിവർഷം 5.6 ലക്ഷം രൂപ ഫീസായി വാങ്ങാൻ തീരുമാനിച്ചത്. ഇത് അട്ടിമറിക്കാനാണ് ശ്രമം. ഫീസ് വർദ്ധനവ് പാടില്ലെന്ന് സുപ്രീംകോടതിയിൽ നിന്ന് നിർദേശമില്ലെന്നും ഫീസ് നിശ്ചയിക്കാൻ പ്രവേശന മേൽനോട്ട സമിതിക്ക് അവകാശമില്ലെന്നും ചൂണ്ടിക്കാണിച്ചാണ് മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചത്.

പ്രവേശന നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ 2016-17 വർഷത്തെ കണ്ണൂർ, കരുണ മെഡിക്കൽ കോളേജ് പ്രവേശനം ക്രമപ്പെടുത്താൻ സംസ്ഥാന സർക്കാർ നിയമം കൊണ്ടുവന്നത് വിവാദമായതിന് പിറകെയാണ് ഫീസ് വർദ്ധനവ് ആവശ്യപ്പെട്ട് മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചത്. സ്വാശ്രയ മാനേജ്മെന്റുകളെ സംരക്ഷിക്കാനാണ് സർക്കാർ ബില്ല് കൊണ്ടുവന്നത് എന്ന ആക്ഷേപം നിലനിൽക്കുമ്പോഴും ഫീസ് വർദ്ധനവ് ആവശ്യത്തിനെതിരെ സർക്കാർ കോടതിയെ സമീപിക്കാത്തതും വരും ദിവസങ്ങളിൽ വൻ വിവാദമായി മാറും.

## ദുരാരോപണം ഉന്നയിച്ച കുമ്മനത്തിനെതിരെ നിയമ നടപടി എടുക്കുമെന്ന് പി.കെ. ശ്രീമതി

കണ്ണൂർ: കണ്ണൂർ മെഡി. കോളേജിന്റെ അംഗീകാരവുമായി ബന്ധപ്പെടുത്തി താൻ മന്ത്രിയായിരിക്കെ വ്യാജ രേഖ സമർപ്പിച്ചുവെന്ന ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരന്റെ പ്രസ്താവന നിലവാരം കുറഞ്ഞതാണെന്ന് സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം പി.കെ.ശ്രീമതി എം.പി വാർത്താസമ്മേളനത്തിൽ പറഞ്ഞു. അടിസ്ഥാനരഹിതമായ ആരോപണമുന്നയിച്ച കുമ്മനത്തിനെതിരെ നിയമ നടപടി സ്വീകരിക്കും. നേരത്തെ ഇതേ രീതിയിൽ മറ്റൊരു ആരോപണം ഉന്നയിച്ച കുമ്മനത്തിനെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ വിരോധത്തിന് ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാനാണ് പുതിയ ആരോപണം ഉന്നയിക്കുന്നതെന്ന് അവർ പറഞ്ഞു.

2003ൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ് കണ്ണൂർ മെഡി. കോളേജിന് എൻ.ഒ.സിയും മറ്റ് സർട്ടിഫിക്കറ്റുകളും ലഭിച്ചത്. 2005ൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തുകയും 2006 ഏപ്രിൽ അംഗീകാരം നൽകുകയും ആയിരുന്നു. ഈ നടപടികൾക്കെല്ലാം ശേഷമാണ് താൻ ആരോഗ്യ മന്ത്രിയായത്. പിന്നെ എങ്ങനെയാണ് കണ്ണൂർ മെഡി. കോളേജിന് അംഗീകാരം വാങ്ങിക്കൊടുത്തതിൽ താൻ പങ്കാളിയാവുകയെന്ന് അവർ ചോദിച്ചു.

## നാട്ടിലേക്ക് മടങ്ങാൻ മണിക്കൂറുകൾ ശേഷിക്കെ നണിയൂർ നമ്പ്രം സ്വദേശി കുവൈത്തിൽ മരിച്ചു

പറശിനിക്കടവ്: ഉറ്റവരുടെ അടുക്കലേക്ക് മണിക്കൂറുകൾക്കകം എത്താൻ കഴിയുമെന്ന ആഹ്ലാദത്തിലായിരുന്നു അബ്ദുൾ ഹമീദ്. എന്നാൽ വിധി മറിച്ചൊന്നായിരുന്നു. 40 വർഷത്തെ പ്രവാസി ജീവിതം മതിയാക്കി നാട്ടിലേക്ക് മടങ്ങാൻ ഒരുക്കം നടത്തുന്നതിനിടയിൽ നണിയൂർ നമ്പ്രം സ്വദേശി മൂസാൻ കുന്നിൽ പുതിയപുരയിൽ അബ്ദുൾ ഹമീദ് (68)നെ മരണം തട്ടിയെടുത്തു.



40 വർഷത്തെ പ്രവാസി ജീവിതത്തിന് വിരാമമിട്ട് ഇന്നലെ വൈകുന്നേരം ഏഴ് മണിയോടെ കരിപ്പൂരിലേക്ക് വിമാനം കയറാൻ പദ്ധതിയിട്ടതായിരുന്നു. ജുമഅ നമസ്കാരം കഴിഞ്ഞ് താമസ സ്ഥലത്തെത്തി ഒരുക്കങ്ങൾ നടത്തുന്നതിനിടയിൽ കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭർത്താവ് കുഴഞ്ഞുവീണത് കണ്ട് ബോധരഹിതയായ ഭാര്യ ആർ.പി. ഫാത്തിമയെ മുബാറക് അൽകബീർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഹമീദിന്റെ പുതിയ വീടിന്റെ പണി പുരോഗമിക്കുകയാണ്. ഇതിനിടയിലാണ് മരണം തട്ടിയെടുത്തത്.

കുവൈത്ത് സാൽമിയ ഇന്ത്യൻ ജൂനിയർ സ്കൂളിന് സമീപത്ത് ഷംസീറ ഹോട്ടൽ നടത്തിവരികയായിരുന്നു അബ്ദുൾഹമീദ്. മക്കൾ: ഷംസീറ, ഷംസാദ് (ഇരുവരും ദുബായ്). മരുമകൻ: അത്തായക്കുന്നിലെ മുഹമ്മദലി(ദുബായ്). സഹോദരങ്ങൾ: അബ്ദുൾഖാദർ (വ്യാപാരി, പറശിനി റോഡ്), കുഞ്ഞാത്തു. അബ്ദുൾഹമീദിന്റെ മൃതദേഹം ഇന്ന് രാത്രിയോടെ നാട്ടിൽ എത്തിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്.

## കൊളവല്ലൂരിൽ അനധികൃത ക്വാറികൾക്കെതിരെ നടപടി; 12 വാഹനങ്ങൾ പിടികൂടി

പാനൂർ: കൊളവല്ലൂർ പോലീസ് സ്റ്റേഷൻപരിധിയിലെ അനധികൃത ക്വാറികൾക്കെതിരെ നടപടി തുടരുന്നു. കൊളവല്ലൂർ എസ്.ഐ ധനഞ്ജയ ദാസിന്റെ നേതൃത്വത്തിൽ ഇന്ന് പുലർച്ചെ പൊടിക്കളം, വാഴമല, നരിക്കോട്ട് മല എന്നിവിടങ്ങളിൽ റെയ്ഡ് നടത്തി 12 വാഹനങ്ങൾ പിടിച്ചെടുത്തു. 6 ടിപ്പർ ലോറികൾ, 5 ഹിറ്റാച്ചി, ഒരു ജെസിബി എന്നിവയാണ് പിടികൂടിയത്. മഫ്ടിയിലാണ് പോലീസ് സംഘം എത്തിയത്. വാഹനങ്ങളിലെ ഡ്രൈവർമാരും ക്വാറിയിലെ ജീവനക്കാരും ഓടി രക്ഷപ്പെട്ടു. കഴിഞ്ഞ ദിവസവും അനധികൃത ക്വാറികളിൽ പോലീസ് റെയ്ഡ് നടത്തിയിരുന്നു. അന്ന് രണ്ട് വാഹനങ്ങൾ പിടിച്ചെടുത്തിരുന്നു.

## വയൽക്കിളി: 10ന് കണ്ണൂരിൽ പൊതുയോഗം; മെയ് രണ്ടാംവാരം ലോങ്ങ് മാർച്ച്

തളിപ്പറമ്പ: കീഴാറ്റൂർ നെൽവയൽ സംരക്ഷണം ആവശ്യപ്പെട്ട് സമരം ചെയ്യുന്ന 'വയൽക്കിളി'കൾ പുതിയഘട്ട സമരത്തിന്റെ പദ്ധതിയൊരുക്കുന്നു. മെയ് രണ്ടാംവാരം കീഴാറ്റൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് ലോങ്ങ്മാർച്ച് നടത്തുന്നതിനുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കുക.

10ന് വൈകുന്നേരം സ്റ്റേഡിയം കോർണറിൽ സമര ഐക്യദാർഢ്യ സമിതിയുടെ പൊതുയോഗമുണ്ട്. വൈകുന്നേരം 5 മണിക്ക് നടക്കുന്ന പൊതുയോഗം പ്രമുഖ പരിസ്ഥിതി പ്രവർത്തകർ ടി.പി. പത്മനാഭൻ മാസ്റ്ററാണ് ഉദ്ഘാടനം ചെയ്യുക. ഡോ. ഡി. സുരേന്ദ്രനാഥ് അധ്യക്ഷത വഹിക്കും. സുരേഷ് കീഴാറ്റൂർ, എൻ. സുബ്രഹ്മണ്യൻ, നോബിൾ പൈകട, സൈനുദ്ദീൻ കരിവെള്ളൂർ, സണ്ണി അമ്പാട്ട്, അഡ്വ. വിനോദ് പയ്യട, എം.കെ. ജയരാജ് സംബന്ധിക്കും.

പൊതുയോഗത്തിന് പിറകേ അടുത്ത ആഴ്ച തന്നെ സംസ്ഥാനത്തെ വിവിധ പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകരുടെയും അശാസ്ത്രീയ ദേശീയപാത വികസനത്തിന് എതിരേ സമരം ചെയ്യുന്ന സംഘടന പ്രതിനിധികളുടെയും യോഗം ചേരും. ഈ യോഗത്തിൽ വെച്ച് ലോങ്ങ് മാർച്ച് സംബന്ധിച്ച പദ്ധതിക്ക് രൂപം നൽകും.

## മൂന്ന് മാസം മുമ്പ് കവർച്ച നടന്ന ക്ഷേത്രത്തിൽ വീണ്ടും കവർച്ച

പയ്യന്നൂർ: മൂന്ന് മാസം മുമ്പ് കവർച്ച നടന്ന ക്ഷേത്രത്തിൽ വീണ്ടും ഭണ്ഡാരങ്ങൾ കുത്തിതുറന്ന് കവർച്ച. കൈതപ്രം തൃക്കൂറ്റേരിയിലെ കൈലാസനാഥ ക്ഷേത്രത്തിലാണ് വീണ്ടും കവർച്ച നടന്നത്. ക്ഷേത്രത്തിന്റെ ചുറ്റമ്പല മതിലിനോട് ചേർന്ന് നിർമ്മിച്ച ഭണ്ഡാരവും റോഡരികിലുള്ള ഭണ്ഡാരവുമാണ് കവർന്നത്. രണ്ട് ഭണ്ഡാരത്തിന്റെയും പൂട്ടുകൾ തകർത്ത് തൊട്ടടുത്ത് ഉപേക്ഷിച്ച നിലയിൽ കാണപ്പെട്ടു. ചുറ്റമ്പലത്തിന്റെ പുറത്തുള്ള ഗ്രിൽസിന്റെ പൂട്ട് തകർത്താണ് അകത്ത് കയറിയത്. ഇന്ന് രാവിലെയാണ് കവർച്ച ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. മൂന്ന് മാസം മുമ്പ് ഈ ക്ഷേത്രത്തിലെ ഭണ്ഡാരങ്ങൾ കവർന്നിരുന്നു. ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ഭ്ളാൽ സ്വദേശി ഹരിയെ ഇതുമായി ബന്ധപ്പെട്ട് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഹരി ഇപ്പോൾ ജയിലിൽ റിമാണ്ടിൽ കഴിയുകയാണ്.

## കേസ് പിൻവലിക്കാനാവശ്യപ്പെട്ട് ഇരിക്കൂറിലെ യുവതി തിരുവനന്തപുരത്ത് മരത്തിൽ കയറി പ്രതിഷേധിച്ചു

തിരുവനന്തപുരം: തനിക്കെതിരെയുള്ള കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഇരിക്കൂറിലെ യുവതി തിരുവനന്തപുരം സെക്രട്ടേറിയറ്റിന് സമീപമുള്ള മരത്തിൽ കയറി പ്രതിഷേധിച്ചു. പോലീസും ഫയർഫോഴ്സും ഇടപെട്ടാണ് യുവതിയെ താഴെയിറക്കിയത്. ഇന്ന് രാവിലെയായിരുന്നു സംഭവം.

ഇരിക്കൂർ സ്വദേശിനി വീണാമണിയാണ് മരത്തിൽ കയറിയത്. 2014ൽ ഇവർക്കെതിരെ ഇരിക്കൂർ പോലീസ് കേസെടുത്തിരുന്നു. റോഡരികിലെ ബോർഡുകളും തോരണങ്ങളും മറ്റും നീക്കം ചെയ്ത് പോലീസ് അഗ്നിക്കിരയാക്കുമ്പോൾ ഇവർ റോഡരികിൽ നട്ട മരത്തിന് തീപിടിച്ചിരുന്നു. ഇതേ ചൊല്ലി പോലീസ് സ്റ്റേഷനിലെത്തി വീണാമണി എസ്.ഐ ദിനേശിനോട് കയർത്തിരുന്നു. പോലീസിന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിന് വീണാമണിക്കെതിരെ കേസെടുക്കുകയും ചെയ്തിരുന്നു. ഈ കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് മരത്തിൽ കയറിയത്. രാവിലെ സമീപത്തെ കടക്കാരാണ് വീണാമണിയെ മരത്തിൽ കണ്ടത്. തുടർന്ന് പോലീസിനെ വിവരമറിയിക്കുകയായിരുന്നു. പോലീസും ഫയർഫോഴ്സും എത്തി മരത്തിൽ കയറി വീണാമണിയെ താഴെയിറക്കുകയായിരുന്നു. സെക്രട്ടറിയേറ്റിന് തൊട്ടടുത്ത മരങ്ങളുടെ മുകളിൽ കയറി പ്രതിഷേധ സൂചകമായി ചിലർ ആത്മഹത്യാ ഭീഷണി മുഴക്കുന്നത് പതിവായതിനെ തുടർന്ന് പോലീസ് മരങ്ങൾക്ക് മുള്ളുവേലി കെട്ടിയിരുന്നു. ഇതേ തുടർന്നാണ് സമീപത്തെ മരത്തിലേക്ക് വീണാമണി പ്രതിഷേധവുമായി എത്തിയത്.

